# കേരളോപകാരി

1881 ജൂൺ

# കേരളോപകാരി

**മാസിക**

## 1881 ജൂൺ

**താളിളക്കം**

**2020**

| | |
|---|---|
| പേര്: | **കേരളോപകാരി 1881 ജൂൺ** |
| ഭാഷ | Malayalam |
| വിഭാഗം: | മാസിക |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

കേരളോപകാരി
AN ILLUSTRATED MALAYALAM MAGAZINE.

Vol. VIII JUNE 1881 No. 6

## SAVED AT SEA, A LIGHT-HOUSE STORY

(By the Rev.C.Muller)

## സമുദ്രത്തിൽ നിന്നു രക്ഷപ്പെട്ടതു, ഒരു വിളക്കുമാടക്കഥ

ർ. അദ്ധ്യായം ചെറിയ തിമ്പി

(൩ൊം ഭാഗത്തിൽനിന്നു തുടൎച്ച.)

ഇത്ര നല്ല കുട്ടിയെ കണ്ടപ്രകാരം എനിക്കു ഓൎമ്മ ഇല്ല. തലമുടി ചെമ്പിച്ചതും മുഖം ചുവന്നതും കണ്ണുകൾ നീലനിറമുള്ളവയും ആയിരു ന്നു. ഞങ്ങൾ വിസ്മയിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ, അവൾ ഉണൎന്നു ക ണ്ണുതുറന്നു, ആളെ അറിയായ്ക കൊണ്ടു സങ്കടപ്പെട്ടു കരഞ്ഞു. ഹാ കഷ്ടം കുട്ടി അമ്മയെ ഓൎത്തു കരയുന്നു, എന്നു ജേമ്സിന്റെ ഭാൎയ്യ പറഞ്ഞതു കേ ട്ടു: അമ്മേ, അമ്മേ എന്നു തിണ്ണം വിളിച്ചു കരഞ്ഞപ്പോൾ ജേമ്സിന്റെ ഭാ ൎയ്യയും പൊട്ടി കുട്ടിയെക്കാളും കരഞ്ഞു. എൻ പ്രിയയേ നീ കരയല്ല. ഈ തൊഴിലിനെ കുട്ടി കണ്ടാൽ, അവൾ പേടിച്ചു അധികം കരയും, എ ന്നു ജേമ്സ് പറഞ്ഞിട്ടും അവൾ അടങ്ങിയില്ല: ഹാ എൻ ഭൎത്താവേ, ന മ്മുടെ ചെറിയ കുട്ടി ഇങ്ങിനേയുള്ള സങ്കടത്തിൽ അകപ്പെട്ടിട്ടു എന്നെ വിളിച്ചെങ്കിലോ, എന്നു വളരേ വ്യസനിച്ചും കരഞ്ഞും കൊണ്ടു പറഞ്ഞു. എന്നാറെ മുത്തച്ഛൻ കുട്ടിയെ അവളുടെ കൈയിൽനിന്നു എടുത്തു, എ ന്റെ മടിയിൽ ആക്കി, ജേമസിന്റെ ഭാൎയ്യയെ നോക്കി: മറിയമ്മേ മുത്താഴത്തി ന്നു വല്ലതും ഉണ്ടാക്കി എങ്കിൽ കൊള്ളായിരുന്നു, കുട്ടിക്കു ശീതിക്കയും വിശ ക്കയും ചെയ്യുന്നു, ഞങ്ങൾക്കു മൂവൎക്കും അങ്ങിനേ തന്നേ, എന്നു പറഞ്ഞു. ഇതിനെ അവൾ കേട്ടു ഉടനേ അടുക്കളയിൽ ചെന്നു തീ കത്തിച്ചു. പി ന്നേ അവൾ സ്വന്തവീട്ടിലേക്കു പാഞ്ഞു, പണിക്കാരത്തി കുട്ടികളെ ന ല്ല വണ്ണം നോക്കുന്നുവോ എന്നു അന്വേഷിച്ചു, അല്പം താമസിച്ചാറെ ഞങ്ങളുടെ മുത്താഴത്തിന്നായി ഒരു കണ്ടം ഇറച്ചിയെ

കൊണ്ടു വന്നു. ഞാ ൻ തീയുടെ അരികത്തു ഒരു നാല്ക്കാലിയുടെ മേൽ ഇരുന്നു, കു ട്ടിയെ എന്റെ മടിയിൽ ഇരുത്തി, അവൾ ഏകദേശം രണ്ടു വയസ്സും നല്ല സൌ ഖ്യവും ശക്തിയുമുള്ള കുട്ടി തന്നേ. ക്രമേണ അവൾ കരച്ചിൽ മാററി, എ ന്നെ പേ ടിയാതെ എൻ മാറിൽ ചാരിയിരുന്നു. വല്ലവരും അരികത്തു വന്നെങ്കിൽ മുഖം എന്റെ ഉടുപ്പിൽ മറെച്ചുവെക്കും. ജേമ്്സിന്റെ ഭാൎയ്യ കൊ ണ്ടു വന്ന പാലും അപ്പ വും ഞാൻ തന്നേ കുട്ടിയുടെ വായിൽ കൊടുക്കേ ണ്ടിവന്നു. അവളുടെ കണ്ണു വളരേ മയങ്ങുകകൊണ്ടു കുട്ടിക്കു രാത്രിയിൽ ഉറക്കം കിട്ടിയില്ല, അവളെ കട്ടിലിൽ വെ ച്ചു ഉറക്കുകവേണം, എന്നു മു ത്തച്ശൻ ജേമ്്സിന്റെ ഭാൎയ്യയോടു പറഞ്ഞാറെ, ഞാൻ അവളെ എന്റെ കുട്ടിയുടെ കിടക്കയിൽ തന്നേ കിടത്തിക്കോള്ളാം എന്നു അവൾ പറഞ്ഞു കുട്ടിയെ എന്റെ മടിയിൽനിന്നു എടുപ്പാൻ നോക്കിയപ്പോൾ, കുട്ടി മു മ്പേ പോലെ വളരേ കരഞ്ഞു. എന്നാൽ കുട്ടി ഇവിടേ ഇരിക്കട്ടേ, അ വൾ അലി ക്കിനോടു ഇണങ്ങിപ്പോയി, എന്നു മുത്തച്ശൻ പറഞ്ഞു ജേ മ്സിന്റെ ഭാൎയ്യയെ പറഞ്ഞയച്ചു. പിന്നേ ഞങ്ങളുടെ വീട്ടിൽ അവൾക്കാ യിട്ടു ഒരു കിടക്കയെ വിരി ച്ചാറെ, ജേമ്സിന്റെ ഭാൎയ്യ തന്റെ കുട്ടിയുടെ ഒരു തുണിയെ കൊണ്ടുവന്നു, അവളുടെ ഉടുപ്പിനെ നീക്കി അവളെ കഴുകി തു ണിയെ ഉടുപ്പിച്ചു കിടക്കയിൽ കിടത്തി. പി ന്നേ അവൾ കൈനീട്ടി: കൈ പിടിക്ക, തിമ്പിയുടെ ചെറിയ കൈ പിടിക്ക എന്നു പറഞ്ഞു. ഇതു അ വളുടെ വായിൽനിന്നു വീണ ഒന്നാം വാക്കു തന്നേ. അവൾ എന്തു പറ ഞ്ഞു, എന്നു ജേമ്സിന്റെ ഭാൎയ്യ ചോദിച്ചു. ഞാൻ അവളുടെ കൈ പിടി ക്കേണം, തിമ്പിയുടെ ചെറിയ കൈ തന്നേ എന്നു കുട്ടി പറഞ്ഞു, എന്നു ഞാൻ പറഞ്ഞാറെ, എന്നാൽ തിമ്പി എന്നതു അവളുടെ പേർ: കുട്ടിയേ അവർ നിന്നെ തിമ്പി എന്നുതന്നേ വിളിച്ചുവോ, എന്നു ജേമ്സി ന്റെ ഭാൎയ്യ ചോദിച്ചു എങ്കിലും കുട്ടി ഒന്നും മിണ്ടാതെ ഉറങ്ങിപ്പോയി. അവളുടെ കൈ വിട്ടാൽ ഉണരും എന്നു ഞാൻ സംശയിച്ചതുകൊണ്ടു കു റയ നേരം അങ്ങിനേ തന്നേ അവളുടെ അരിക ത്തു ഇരുന്നു. ജേമ്സിന്റെ ഭാൎയ്യ അവളുടെ ഉടുപ്പിനെ മടക്കി വെച്ചപ്പോൾ: ഇതു വിശേഷമു ള്ള വ സ്ത്രം, ഈ കുട്ടി ഒരു ധനവാന്റെ മകൾ ആയിരിക്കേണം. ഇതാ ഈ കു പ്പായത്തിന്മേൽ ഓർ എഴുത്തു കാണുന്നു എന്നു പറഞ്ഞു എനിക്കു കാട്ടി. അപ്പോൾ ഞാൻ കുട്ടിയുടെ കൈയെ മെല്ലേ വിട്ടു അതിനെ തലയണ മേൽ വെച്ചു, ആ എഴുത്തിനെ നോക്കി “വില്ലിയർ’ എന്നു വായിച്ചു. എന്നാൽ അതു തന്നേ അവ ളുടെ കുഡുംബപ്പേർ. അയ്യോ അവളുടെ അമ്മയപ്പന്മാർ സമുദ്രത്തിന്റെ അടിയിൽ മരിച്ചു കിടക്കുന്നുവല്ലോ. ഇതുപോലെ ഒരു കഷ്ടം ഉണ്ടോ. എന്റെ ചെറിയവൾ ഇങ്ങിനേ ആ യെങ്കിലോ. അയ്യോ എനിക്കു സഹിച്ചുകൂടാ, എന്നു ചൊല്ലി കര ഞ്ഞും കൊണ്ടു വീട്ടിൽ ചെന്നു, തന്റെ ശിശുവിനെ മടിയിൽ കിടത്തി കണ്ണു നീർ വാൎത്തു വാൎത്തു കൊണ്ടിരുന്നു

മുത്തച്ഛൻ കഴിഞ്ഞ രാത്രിയിലേ അദ്ധ്വാനം കൊണ്ടു വളരേ ക്ഷീ ണിച്ചിരിക്കയാൽ, അവൻ ഉറക്കറയിൽ ചെന്നു കിടന്നുറങ്ങി. ഞാനോ കു ട്ടിയുടെ അരികത്തു തന്നേ ഇരുന്നു. അവൾ ഇങ്ങനേ സൌഖ്യത്തോടെ ഉറങ്ങുന്നതു ഞാൻ കണ്ടു : അയ്യോ ഈ ചെറിയ കുട്ടി ഈ വിധത്തിൽ അ നാഥയായി പോയല്ലോ, എന്നു വിചാരിച്ചു പൊട്ടിക്കരഞ്ഞു. ക്രമേണ ഞാനും കണ്ണും മയങ്ങി നിദ്ര പൂണ്ടു നല്ലവണ്ണം ഉറങ്ങുകയും ചെയ്തു. ര ണ്ടു മൂന്നു മണിക്കൂറു കഴിഞ്ഞാറെ വല്ലവരും എന്റെ മുടിയെ പിടിച്ചു വലിച്ചു: കുഞ്ഞനേ എഴുനീലക്ക, എഴുനീലക്ക എന്നു വിലിച്ചതിനാൽ ഞാ ൻ ഉണൎന്നു കണ്ണു തുറക്കുമ്പോൾ, എന്നെ സന്തോഷഭാവത്തോടെ നോ ക്കുന്ന കുട്ടിയുടെ മുഖം കണ്ടു : നീ വേഗം എഴുനീററു വാ, എന്നു അവൾ പിന്നെയും പറഞ്ഞാറെ, ഞാൻ എഴുനീററിരുന്നു. അതിനെ കണ്ടിട്ടു അവൾ കിടക്കയെ വിട്ടു എന്റെ മടിയിൽ വന്നു ചാരി, തിമ്പിക്കു ഉടുപ്പു വെച്ചു തരേണം എന്നു പറഞ്ഞു. ഞാൻ അവൾക്കു കാലുറയെയും ചെ രിപ്പുകളെയും ഇട്ടശേഷം ജേമ്സിന്റെ ഭാൎയ്യ വന്നു അവളെ ഉടുപ്പിച്ചു. ഞ ങ്ങൾ ഉറങ്ങിയ നേരത്തിൽ കൊടുങ്കാറ്റു തളൎന്നു വെയിൽ നല്ലവണ്ണം പ്ര കാശിച്ചു. പിന്നേ ഞാൻ തീൻ ഉണ്ടാക്കിയ സമയത്തു കുട്ടി എന്റെ കൂട ഇരുന്നു, അടുക്കളയിൽ ചുററും പാഞ്ഞു കളിച്ചു. മുത്തച്ഛൻ ഇനി ഉറങ്ങി, അവനെ വിളിച്ചുണൎത്തുവാൻ എനിക്കു മനസ്സില്ല. ജേമ്സിന്റെ ഭാൎയ്യ കുട്ടിക്കായിട്ടു ഒരു കഞ്ഞി ഉണ്ടാക്കി കൊണ്ടു വന്നു. ഞാൻ കരണ്ടി എടുത്തു നേരത്തേ പോലെ തീൻ അവളുടെ വായിൽ കൊടുപ്പാൻ നോ ക്കിയപ്പോൾ: തിമ്പി കരണ്ടി എന്നു അവൾ പറഞ്ഞു, അതിനെ എ ന്റെ കൈയിൽനിന്നു വാങ്ങി, നല്ല വെടിപ്പോടേ തിന്നു. നീ ഒരു നല്ല കുട്ടി, ദൈവം നിണ ക്കു അനുഗ്രഹം നല്കുക എന്നു ജേമ്സിന്റെ ഭാൎയ്യ പ റഞ്ഞു. ദൈവം നിന്നെയും അനുഗ്രഹിക്കുക എന്നു കുട്ടി ഉത്തരം ചൊ ല്ലിയാറെ ഈ വാക്കു കുട്ടി തന്റെ അമ്മയോടു പഠിച്ചു നിശ്ചയം, എന്നു ആയവൾ കരഞ്ഞും കൊണ്ടു പറഞ്ഞു. തീൻ കഴിഞ്ഞാറെ കുട്ടി മുത്ത ച്ഛന്റെ തൊപ്പിയിട്ട് എന്റെ ഉണിയും ഉടുത്തു: തിമ്പി നടക്ക, തിമ്പി നടക്ക എന്നു ചൊല്ലിക്കൊണ്ടു വാതിലക്കൽ ചെന്നു നിന്നു. അപ്പോൾ ജേ മ്സിന്റെ ഭാൎയ്യ എന്നെ നോക്കി: നീ അവളെ അല്പം പുറത്തു കൊണ്ടു പോ യാൽ നല്ലതു എന്നു പറഞ്ഞു വീട്ടിൽ പാഞ്ഞു, തന്റെ ചെറിയ കുട്ടി യുടെ ഒരു തൊപ്പിയും ഉടുപ്പും കൊണ്ടു വന്നു അവളെ ഉടുപ്പിച്ചു. പിന്നേ അവൾ വളരേ സന്തോഷിച്ചു, എന്നോടുകൂടെ തോട്ടത്തിൽ ചെന്നു ചു ററും പാഞ്ഞു പൂക്കൾ പറിച്ചും കല്ലു പെറുക്കിയും എന്റെ അരികത്തു വന്നു: തിമ്പിയെ പിടിച്ചു എന്നു ചൊല്ലിയും കൊണ്ടു കളിച്ചുകൊണ്ടിരു ന്നു. കുട്ടിയോടു കളിക്കുന്നതിന്നി ടയിൽ ഞാൻ എൻസ്ലിപ്പാറയെ നോക്കി. അതിന്മേൽ തള്ളി വീഴുന്ന തിരകളെ കണ്ടു , ചേതം വന്ന കപ്പലിൽ ഉ ണ്ടായിരുന്ന ആളുകളെയും കുട്ടിയുടെ അമ്മയപ്പന്മാരെയും ഓൎത്തു: ഹാ പ്രിയ കുട്ടിയേ,

നിണക്കു വന്ന വലിയ ചേതം നീ അറിയുന്നില്ലല്ലോ, എ ന്നു വിചാരിച്ചു ഏററവും വ്യസനിച്ചു.

(ശേഷം പിന്നാലേ.)

## CORALS

### പവിഴം

സമുദ്രത്തിൽ പവിഴം എങ്ങിനേയുണ്ടാകുന്ന എന്നുള്ളതിനെ പണ്ടു ള്ളോർ അശേഷം അറിയാതിരുന്നു. ചിലർ ആയതു ഒരു കടൽച്ചെടി എന്നും അതിലുള്ള പ്രാണിയെ അതിൻ പുഷ്പമെന്നും വിചാരിച്ചു. വേറെ ചിലർ കടൽത്തിരമാലകൾ കരെക്കലെക്കുമ്പോൾ അതിന്റെ ഉപ്പ് വേറെ പദാൎത്ഥങ്ങളോടു ചേൎന്നു പവിഴമായ്ത്തീൎന്നു എന്നു ഊഹിച്ചിരുന്നു. ഇപ്പോഴോ ആയതു ഒരു ചെറു പ്രാണി ചെയ്യുന്ന ചുണ്ണക്കരിദ്രാവകം കൊണ്ടു ഉണ്ടാകുന്നു എന്നും ആ പ്രാണിയിൽനിന്നു തന്നേ ജനിക്കുന്ന ഒരുവക പശ (ജലദിം) കൊണ്ടു ആയതു ഉരുക്കൂട്ടുന്നു എന്നും കണ്ടിരിക്കു ന്നു. ഈ പ്രാണി എങ്ങും തനിച്ചിരിക്കാതേ ഒരു വക്കൂട്ടമായി കൂടിച്ചേ ൎന്നിരിക്കുന്നതല്ലാതേ ഇവയെല്ലാം ചിലന്തിനൂലിനോടോത്ത ഒരു ഞരമ്പു മണ്ഡലത്താൽ അന്യോന്യം ചേൎന്നിരിക്കുന്നു. ഇങ്ങിനേ ഓരോ പ്രാണികൾ പ്രത്യേകം പ്രത്യേകമായി ഒരു ചെടിയിലേ പൂക്കൾ പോലേ ത മ്മിൽ തമ്മിൽ തുടൎന്നിരുന്നാലും ഓരോന്നിന്നു പ്രത്യേകമുള്ള വ്യാപാരം ഉ ണ്ടെന്നും കണ്ടിരിക്കുന്നു. ഒരു തൊട്ടുപ്പായിരിക്കുന്ന നാളങ്ങൾ ആ പ്രാ ണിക്കൂടം മുഴുവൻ വ്യാപിച്ചു ഏകപോഷണത്തൊഴിൽ തന്നേ. അവ ററെ മുഴുവൻ ഒന്നിച്ചു നടത്തി വരുന്നതിനാൽ രക്ഷച്ചാട്ടം, ജീവത്വം, പോഷണം എന്നിവററിൽ ആയവററിന്നു സാധാരണം ഉണ്ടു. എന്നാൽ ഒരു പ്രാണിക്കു മുറിവു തട്ടിയാൽ ആ വേദന മറേറതിനും ഉണ്ടാകുന്ന പ്രകാരം കാണായ്കയാൽ സ്വശ്രേന്ദ്രിയം അവററിന്നു പൊതുവിൽ ഇല്ലെന്നു തെളിയുന്നു. ഈ ചെറു പ്രാണികൾ മേല്പറഞ്ഞ ചുണ്ണക്കരിദ്രാവകം ഉണ്ടാകുന്നതിൽ രാപ്പകൽ ഏററവും പ്രയത്നിച്ചു വരുന്നു. ആയവ അ വറേറ ചരതിച്ചു വെക്കുമ്പോൾ ആയതു കട്ടിയും ഉറപ്പുമുള്ളതായിത്തീൎന്നു കല്ലിച്ചു പോകുന്നു.

പവിഴത്തിൽ കറുപ്പു, ചുവപ്പു, മഞ്ഞൾ, വെള്ള എന്നിങ്ങിനേ പല വകകൾ ഉണ്ടു. ഇതിൽ കരിമ്പവിഴം അത്രേ ബഹു അപൂൎവ്വം. പൂൎവ്വ ത്തിൽ ഇതിനേ ലക്ഷണം പറയുന്നവർ തങ്ങളുടെ ശകുനാലിന്മേൽ കെട്ടിക്കൊള്ളുമാറുണ്ടു. ചെമ്പവിഴം അധികം ശോഭയുള്ളതാക കൊണ്ടു ആയതിനെ ആഭരണങ്ങൾക്കു ഉപയോഗിക്കയാൽ വിലയുയൎന്നു തന്നേ. പവിഴപ്രാണികൾ നാല്പതിൽ പരം വൎഗ്ഗങ്ങൾ ഉണ്ടു. അവ എല്ലാം ഓരോ വക പവിഴങ്ങളെ ഉണ്ടാക്കുന്നു. അതാതു വൎഗ്ഗത്തിന്നു തക്കവണ്ണം ആയവ ഉണ്ടാക്കുന്ന പവിഴവും ഭേദിച്ചിരിക്കും. വ്യാപാരത്തിൽ സാധാര ണമായി ഉപയോഗിക്കുന്നതു ചന്തമുള്ള പവിഴം തന്നേ. ആയതു കട്ടി യും തടിയുമുള്ളതാകുന്നു. ആയതിൻറ ഗുരുത്വം ഹേതുവായിട്ടു ആ പ വിഴപ്പുററു കടൽ അലകളുടെ ഉഗ്രകോപത്തെ കൂട്ടാക്കുന്നില്ല. മേല്പറ ഞ്ഞ പ്രാണികൾ കോടാകോടികളായി തൊഴിൽ ചെയ്യുന്നതിനെ നോ ക്കിയാൽ അവയെല്ലാം മാനുഷദേഹ

ത്തിൽ അലങ്കാരമായണിഞ്ഞ പു ഷ്പ ങ്ങളോടൊത്തിരിക്കും.

പവിഴവൎഗ്ഗങ്ങളിൽ അധികം സാധാരണമായതു വെള്ളത്തരം പവിഴ മത്രേ. ആയതു പവിഴപ്രാണികൾ സഞ്ചരിക്കുന്ന എല്ലാവിടങ്ങളിലും കാണാം. എന്നാൽ പ്രാണികളുടെ ഉറവിടം അതുത്തിപ്പെട്ടതെന്നു നാം അറിയേണം. സമുദ്രത്തിലെങ്ങും ആയതിനെ കാണുകയില്ല. നിരക്ഷ രേഖെക്കു മൂന്നു നാലിലി അപ്പുറം ഇവറെറ കണ്ടെത്തുകയില്ല. മഹാശാ ന്തസമുദ്രത്തിൻ തെക്കു ആയവ ബഹു വിസ്തീൎണ്ണമായി ചുറ്റുക്കോടെ വ്യാ പരിച്ചു പോരുന്നു. ഈ പ്രാണികൾ സമുദ്രത്തിന്റെ അത്യഗാധത്തിലും വെള്ളത്തിന്റെ മേൽഭാഗത്തും സഞ്ചരിക്കുകയില്ല എങ്കിലും ചിലപ്പോൾ 1,200 അടി ആഴമുള്ള ദിക്കിലും കൂടെ പവിഴപ്പുറ്റ് കണ്ടിരിക്കുന്നു. പവിഴപ്രാണികൾ വ്യാപരിപ്പാൻ തുടങ്ങിയ ശേഷം കടലിന്റെ നില ക്രമേ ണ താണു പോയതു പോലേ തന്നേ അതിന്നു ഹേതു എന്നു ചിലർ ഊ ഹിക്കുന്നു. അത്രയുമല്ല സമുദ്രത്തിൽ നീരേറ്റം അധികരിക്കുമ്പോൾ പ വിഴപ്രാണി കടൽമട്ടത്തിന്നു മേൽ വേല ചെയ്കയില്ല ആകയാൽ ആ യതിൻറ മുഴു വേല കടലിന്നു അകത്തു ജലപ്പരപ്പിൽ മാത്രം നടന്നു വ രുന്നു. ഇത്ര ഹീനമായ പ്രാണികളുടെ കൂട്ടത്തെക്കൊണ്ടു ഏററവും വ ലിയ പവിഴപ്പാറകളും ദ്വിപുകളും കടലിൽ ഉണ്ടായി വരുന്നതു അത്യത്ഭുതം തന്നേ.

നാം അറിയുന്ന പവിഴപ്പാറകളിൽ അത്യന്തവലിപ്പമുള്ളൊ ന്നു ഔ സ്ത്രാല്യ ദ്വീപിന്നു സമരേഖയായി നീണ്ടു കിടക്കുന്നു. അതിന്നു 1,000 നാ ഴിക നീളവും മേല്പടി ദ്വീപിൻ കരയിൽനിന്നു 20—60 ഓളം നാഴിക ദൂ രവും ഉണ്ടു . ന്യൂകലെദോന്യ എന്ന ദ്വീപാന്തരങ്ങളിൽ 400 നാഴിക നീള മുള്ള വേറൊരു പവിഴപ്പാറയുമുണ്ടു. ഹിന്തുസമുദ്രത്തിലുള്ള മാലദ്വീപു കൾ 470 നാഴിക നീളവും ശരാശരിക്കു 50 നാഴിക അകലവുമുള്ളതാകു ന്നു. ആയവയെല്ലാം പവിഴപ്പാറകളെക്കൊണ്ടു ഉളവായവയത്രേ. ആ കൂട്ടത്തിൽ ഉള്ളൊരു വലിയ ദ്വീപിന്നു 88 നാഴിക നീളവും 20 നാഴിക വീതിയും ഉണ്ടു. അനേകം സ്ഥലങ്ങളിൽ ഈ പവിഴപ്പാറകൾ ദ്വീപുക ൾക്കു ചുററും വാടികളെ രൂപിക്കുന്നു. കടലലകൾ പവിഴപ്പാറകളുടെ മേൽ അലെച്ചു ആ ദ്വീപുകളുടെ അരികിൽ ബഹു ആഴമായ ഇടുകര കളെ ഉണ്ടാക്കുന്നു. അവിടങ്ങളിൽ അനവധി മീൻ ഉണ്ടാകും താനും തെൻസമുദ്രദ്വീപുകളീൽ അനേകം ഇങ്ങിനേയുള്ളവയാകുന്നു. ആക യാൽ അവിടേ കൂടക്കൂടെ കപ്പലോട്ടത്തിന്നു വളരേ അപായം നേരിടുന്നു. എങ്ങിനെ എന്നാൽ ആഴമുള്ള നീറ്റിൽ കപ്പൽ വേഗതയോടെ ഓടി ക്കൊണ്ടു ചെല്ലുമ്പോൾ നിനയാതെ ആയതു പവിഴപ്പറയോടു അടിച്ചു തകൎന്നുപോകുന്നു.

പവിഴപ്രാണികൾ ദ്വീപുകളെ ഉണ്ടാക്കുന്നു. മുൻപറഞ്ഞപ്രകാരം ഈ പ്രാണികൾ കടൽമട്ടത്തിന്നു മേൽ പ്രവൃത്തിക്കയില്ല. ആകയാൽ അ വറ്റാൽ നിവൃത്തിപ്പാൻ

പാട്ടുള്ള പൂൎണ്ണ ഉയരം സാധിപ്പിച്ച ശേഷം അ തിന്റെ നാനാ ഭാഗത്തുമുള്ള പ്രവൃത്തികളെ നടത്തി ആയതിനെ വി സ്തീർണ്ണമാക്കും. അതിന്മേൽ തിരമാലകൾ അലെച്ചു കൊണ്ടിരിക്കയാൽ അ തിന്റെ കഷണങ്ങൾ അടൎന്നു വീണു കുഴികളെ നികത്തി അതിന്നു ഉറ പ്പു വരുത്തും. പിന്നെ മണലും കടൽപ്പാശിയും ചണ്ടിചവറുകളും മറ്റും അതിന്മേൾ വന്നു നിറയും കാലക്രമേണ അവിടേ നിലം കാണമാറാകുമ്പോൾ കടൽപ്പക്ഷികൾ അതിൽ ചെന്നു കൂട്ടു കെട്ടും. പിന്നെ കാട്ടും ചെടിയും അതിൽ മുളച്ചുവളരും തകൎന്ന കപ്പൽക്കഷണങ്ങളെ കടലടിച്ചു അതിന്മേൽ കൊണ്ടു കയററും. കടപ്പുള്ളുകൾ പല വിത്തുകളെയും അതിന്മേൽ കോത്തിക്കൊണ്ടിട്ടും. ഇങ്ങിനേ ഈ അല്പപ്രാണികളുടെ മൂ ലം കാലക്രമേണ ഒരു വലിയ ദ്വീപുണ്ടായി വരികയും ചെയ്യും. അങ്ങി നെ യിരിക്കുമ്പോൾ ദിക്കു വിട്ടുലയുന്നൊരു ദാശൻ അതിൽ കരകയറും. അതിനാൽ ആ ദ്വീപിൽ മനുഷ്യരുടെ കുടിയേററം ഉണ്ടാകയും ചെയ്യും. ഇവ്വണ്ണം പവിഴദ്വീപുകൾ ഉണ്ടാകുന്നു. ഇതിൽ പലതും വെള്ളത്തിൽ മുങ്ങിയിരിക്കും. ചിലതു ഉയൎന്നിരുന്നാലും സസ്യങ്ങൾ മുളക്കാതിരിക്കും. വേറെ ചിലതിൽ സസ്യങ്ങൾ മുളച്ചിരുന്നാലും നിവാസികൾ ഉണ്ടാക യില്ല. ചില ദ്വീപുകളിലോ മനുഷ്യർ കുടിയേറി പാക്കുന്നു താനും. തെ ൻസമുദ്രത്തിൽ പത്തിരുപതു കൊല്ലത്തിന്നു മുമ്പെ ഒരു ദ്വീപു പൊങ്ങി പുല്ലും ചെടിയും മുളച്ചു മനുഷ്യരും ചെന്നു കുടിയേറി. ഇതിന്നെല്ലാം വേണ്ടി സാധാരണമായി 300 വഷങ്ങൾ കഴിഞ്ഞിരിക്കേണ്ടതാവശ്യം.

മേല്പടി ദ്വീപുകൾ അതിവേഗത്തിൽ കടലിൽ അമൎന്നു പോകും. സമുദ്രത്തിന്റെ അഗാധത്തിൽ മുങ്ങിപ്പോയൊരു ദ്വീപിനെ ഒരു മാലൂ മി പരിശോധിച്ചു. അപ്പോൾ അതിൽ വീട്ടുകൾ തോട്ടങ്ങൾ സമാധി കൾ എന്നിവയുടെ അടയാളങ്ങൾ കണ്ടു. കടലിന്നും പവിഴപ്രാണിക ൾക്കും ഇടവിടാത്ത പോരാട്ടം ഉണ്ടു . സമുദ്ര ഉഗ്രത്തെ പവിഴം ജയി ച്ചാൽ ദ്വീപുകൾ പൊങ്ങിവരും. സമുദ്രം ജയിച്ചുവെങ്കിലോ അവറെറ ആഴ്ത്തിക്കളയും താനും. ആകയാൽ ഒരു പവിഴപ്പുറ്റയത്തേ ണ്ടതിന്നു അതിൻറ ചെറു പ്രാണികൾ ഏകോപിച്ചു ശുഷ്കാന്തിയോടെ അഗാധ ത്തിൽ ഇറങ്ങി ഒരു ദ്വീപിനെ ഉയത്തും. ആയതിനെ കടൽ ഇടിച്ചാൽ ആയവ തളരാതെ മറെറാന്നിനെ ശ്രുപിക്കയും ചെയ്യും. ഇതത്രേ ചില ദ്വീപുകളുടെ ക്ഷയത്തിന്നും പുതു ദ്വീപുകളുടെ പൊങ്ങലിനും ഹേതുവാ യിരിക്കുന്നതു.

## THE BIBLE IN THE NURSERY  IN INFANT SCHOOLS

### ശിശുശാലകളിലും അകംഭാഗത്തിലും കഴിക്കേണ്ടുന്ന ചോദ്യോത്ത

(൭ -ാം ഭാഗത്തിന്റെ തുടച്ച്)

ഉത്തരങ്ങൾ

21. ജലപ്രളയത്താൽ വന്ന കൊടിയ നാശത്തെ സ്വന്ത കണ്ണാലെ കണ്ടു പൊറുക്കുന്നതു നോഹെക്കു കഴിവില്ലാത്തതായിരുന്നു എന്നു ദൈവം അറികയാൽ ആണ് എന്നൂ ഹിക്കാം. 22. മീൻജാതി പെരുവെള്ളത്തിലും

ജീവിക്കുമല്ലോ.

23. ഈ രണ്ടു സ്ത്രീകൾ അഹ്ശന്മാൎക്കു അനിഷ്ടമായ ആലോചനയെ കുട്ടികൾക്കു പഠി പ്പിച്ചു കൊടുത്തു.

24. a. യോവാബും (2 ശമുവേൽ 20; 9. 10), യൂദ ഇസ്കരിയോത്തും (മത്തായി 26; 48. 49). b. അമാസായും, ക്രിസ്തനും,

## ZION'S SONG OF MARRIAGE

## ചീയോൻ കല്യാണഗീതം

ക്രിസ്തു.

൧. കന്നിമണി സുന്ദരാംഗി, കാവിൽ മേവും പെൺ കുയിലേ,

ചന്തമുള്ള പെൺകൊടിയേ, ചാലവേ .ചീയോനേ കേൾക്ക.

൨. ഗോത്രപ്പൂങ്കാവിൻ വനത്തിൽ, കാത്തിരിക്കും പൈങ്കിളിയേ,

പൂതമാം തിരുമലരേ, പെണ്മണിയേ പെണ്ണേ രാഹേൽ.

൩. പ്രേമം പൂണ്ടു നിന്നെ തേടി,പ്രേരിതനായ്യാരിടത്തിൽ

വന്നതാൽ നീ ഇന്നടനേ, വന്നുകൊൾ ചീയോൻ മലെക്കു.

൪. പോക പോരു പെണ്ണേ രാഹേൽ, പൊന്മലച്ചീയോനിലേക്കു

ദൈവത്തിൻ കുഞ്ഞാട്ടു തന്റെ, ദിവ്യ, വേളിഘോഷത്തിന്നു.

൫. ആത്മപ്രാണസ്നേഹിതയേ, അമൃതഞ്ചും പ്രാണനാഥേ.

എന്നെ പിഞ്ചേൎന്നീട്ടു ബാലേ, ഏദൻ പരദീസിലേക്കു.

൬. എദൻപരദീസു തന്നിൽ, മോദമുണ്ടു ഭാഗ്യമുണ്ടു

നാശമറ്റ വാസമുണ്ടു, ജീവദത്തരുവുമുണ്ടു.

൭. പോരിക നീ പെണ്ണേ രാഹേൽ, പൊൻഗിരി ചീയോൻമലെക്കു

തന്നുകൊൾ വലങ്കരത്തെ, സമ്മതിക്കാമോദത്തോടെ.

൮. ഏദനാം പൂങ്കാവനത്തിൽ, ഏതു കുറവായതുള്ളു.

നാരിമണി നാൾ മുഴവൻ,വാഴ്ത്തി വാഴാം നിത്യമങ്ങു.

ചീയോൻ.

൯. എന്തരുളി തമ്പുരാനേ, എന്തിനായിട്ടീവിവാദം?

കന്യകയായി ഞാനിരിക്കേ, കൈകൊട്ടുപ്പാൻ ചൊൽകയോതാൻ?

൧൦. ചിത്രവാക്കുരെച്ചു കൊണ്ടു, മിത്രമാക്കാൻ വന്നിതോ താൻ ?

ദാരമാമോ ഞാൻ ഭവാനു, ദാഹമുണ്ടോ നെഞ്ചകത്തിൽ ?

൧൧. കൂടവരാൻ ചൊല്ലിയല്ലോ, കൂട്ടുമോ ഗോത്രമിതിന്നു?

തേടി എന്നെ കൊണ്ടുപോവാൻ, ന്യായമുണ്ടോ നീതിയുണ്ടോ?

൧൨. ഏതൊരുൎ നീ തമ്പുരാനേ, എങ്ങു നിന്നിങ്ങേക്കു വന്നു?

എന്തു നീ എൻ കൈ പിടിപ്പാൻ, ഏവയെല്ലാം സ്വന്തമുണ്ടു?

൧൩. മടങ്ങിച്ചീയോൻ വന്മലെക്കു, വന്നു കൊൾവാൻ ചൊല്ലിയല്ലോ

പഴിക്കുമല്ലോ യൂദർ കണ്ടാൽ, പകയരാകെ കൂടിനിന്നു.

൧൪. ദൂരദേശം ചേർന്നുകൊൾവാൻ, സമ്മതിക്കാ എൻ ഇനക്കാർ.

അക്രമത്താൽ യൂദർ നിന്നെ, ആധിയേററി കൊൽകയില്ലേ?

൧൫. കെട്ടുമവർ കള്ളനെ പോൽ, കാൽ കരങ്ങളെ തുളെച്ചു

കഷ്ടമാം കഴുമരത്തിൽ, കൊല്ലുമതാൽ പോയ്ക്കളക.
൧൩. "ദൂരദശിമാരെഴുതി, ചീയോന്മണവാളൻ തന്റെ
കഷ്ടസങ്കടങ്ങളിതു, നഷ്ടമാക്കാൻ ആവതില്ല."
ക്രിസ്തു.
൧൪. എന്തു കഷ്ടം വന്നു പെട്ടാൽ, എങ്ങിനെ മറച്ചു നിന്നെ?
ചീയോൻ കുമാരിയേനിന്നെ, ചേൎത്തു കൊൾവാൻ ജീവനേകും.
൧൫. നീ എനിക്കരുമ അത്രേ, നിൻ ഉയിർ വിശിഷ്ടമല്ലോ
മന്നിടത്തിൽ നിന്നെ വിട്ടു, മന്നനായിരിപ്പെനോ ഞാൻ?
൧൬. നിന്നുയിക്കായെന്നുയിരും, നിന്നുടല്ക്കായെന്നുടലും
ഇന്നിലത്തിലേ ബലിയായി, ഏകുവാൻ ഞാൻ വന്നു സത്യം.
൧൭. വിട്ടു പരമണ്ഡലത്തെ, വിട്ടു പരമാസനത്തെ
മണ്ണിടത്തിൽ വന്നു തല, ചായ്ക്കുവാനും ദേശമററു.
൧൮. ഏററവും തേജസ്സു വിട്ടു, ഏറിയ മഹത്വമിട്ടു
ഉത്തമേ ഞാൻ വന്നു നിന്നെ, ഉയിർ കൊടുത്തും വേൾപ്പതിന്നായി.
൧൯. വന്നതെല്ലാം ഞാൻ സഹിപ്പൻ, വമ്പനിൽ നിന്നുദ്ധരിപ്പൻ
നിന്റെ പ്രേമമൊന്നു മാത്രം, എങ്കലുറച്ചെങ്കിൽ പോരും.
൨൦. എൻ പ്രിയയാം തേനേമാനേ, എന്റെ കൂടെ വന്നു കൊൾക.
ചാരുശീലേ വരിക വേഗം, ചാലവേ എന്നോട്ടുലാവേ.
൨൧. കൂടി നടന്നിങ്ങു പോരു, പോകനാം ചീയോൻ മലെക്കു
മായമററ സ്നേഹിതയേ, പൂരണമേ പെണ്ണേ രാഹേൽ,
ചീയോൻ.
൨൨. ചിത്രമാക്കുരച്ചു കൊണ്ടു, ചിന്ത വേണ്ട തമ്പുരാനേ
എന്തുപായം ചൊല്ലിയാലും, എത്തുകയില്ലൊന്നു കൊണ്ടും.
൨൩. ശാലേം പട്ടണത്തിൽ വാഴും, ദാവിദ്രാജൻ പുത്രിഞാനേ
മാനസമിളക്കിയാലും, മാലയിട്ടു കിട്ടുമെന്നോ?
൨൪. ലോകവാസികൾ വണങ്ങും, ലോകമൊക്കയും അടക്കും
സാലൊമോ ഭ്രാതാവു മമ, താൻ അറിഞ്ഞിതില്ലയെന്നോ?
൨൫. എങ്ങൾ കലം യൂദകുലം, എബ്രായജ്ജാതിയല്ലോ
അതിഥിയായ് വന്നീടുവോൎക്കു, ആകുമോ വിവാഹമിങ്ങു
൨൬. ഗാലിലാവൂർതച്ചനോട്ടു, മംഗലപ്രവേശമാമോ?
പക്ഷമററു ചൊൽക നാഥ, നച്ചറത്തിൽ നന്മയുണ്ടോ?
൨൭. പാന്ഥനോട്ടു വാണിരിപ്പാൻ, ബന്ധമുണ്ടോ ചൊൽക വേണ്ടു?
ചഞ്ചലമുണ്ടാകയില്ലേ, ചഞ്ചലാക്ഷിമാൎക്കു ചൊൽക ?

൩൧. കള്ളനേ പോൽ വന്നവനെ കള്ളിയിൽ കടത്തുകയോ ?
ഉള്ള രൂപം മാററിവന്ന വേഷധാരി തമ്പുരാനേ.
൩൨. ജാതിവിട്ട ജാതിവന്നു, നാട്ടു വിട്ടു കാട്ടു ചേൎന്നു
പാഴരാമരിഷ്ടരെയോ വേട്ടു ഞാനും പോക വേണ്ടു.
ക്രിസ്തു ( ഹെസ. ൧൬).
൩൩. എന്തുരെച്ചു എന്തുചൊല്ലി മായെരുശലേംമകളേ
നിന്നുടെ പൂൎവ്വോത്തരങ്ങൾ ചൊല്ലിടാം ഞാൻ കേൾക്ക ഇപ്പോൾ.
൩൪. നീ കനാനിൽ താൻ പിറന്നു നിൻ പിതാവു മോറിയാൻ താൻ.
ഹിത്തിയക്കാരി നിൻ മാതാ സോദരി സോദോം ശമൎയ്യ
൩൫. നിൻ പിറപ്പിൽ നിന്റെ പൊക്കിൾ കുത്തിരിച്ചു കഴുകിയില്ല
നിൻ മേനിക്കു മൃദുത്വം കിട്ടി വസ്ത്രം ഇട്ടതില്ല.
൩൬. ഉപ്പിനാൽ ശുദ്ധീകരിപ്പാൻ ഉൾപ്രസാദം തോന്നിയില്ല
ഏവരും നിൻകാഴ്ചയിങ്കൽ ഏകമായ് വെറുത്തു വിട്ടാൽ
൩൭. നീ ജനിച്ച നാളിൽ നിന്നെ ഏവരും വെറുത്തതാലേ
നിന്നുടൽ കുരൂപതയിൽ ചാടിനാർ പുറവെളിയിൽ.
൩൮. പാഴിടത്തിൽ വീണു കേണു ചോരയിൽ കിടന്നനിന്നെ
ചാലവേ ദൎശ്ശിച്ചു ജീവൻ ഏകിഞാനടുത്തുവന്നു.
൩൯. നീ മലത്തിൽ ആണ്ട നാളിൽ നിന്നടുക്കേ ഞാനണഞ്ഞു
ജീവനുണ്ടാകെന്നു ചൊല്ലി പോന്നതു മറന്നിതോ നീ.
൪൦. നഗ്നത മറപ്പതിന്നായി വസ്ത്രമേകി ഞാൻ നിണക്കു
സ്വൎണ്ണ നവരത്നമുള്ള ആഭരണമിട്ടു നിന്നിൽ
൪൧. അന്നു നിന്നിൽ പ്രേമമുണ്ടായി കണ്ടതാൽ ഞാൻ നിന്നുടനെ
ആണയിട്ടു മൽകരത്തെ ഏകിനിന്നെ ഭാൎയ്യയാക്കി
൪൨. നിൻ നിണത്തിൽ നിന്നെടുത്തു ശുദ്ധമായ്ക്കഴുകിനിന്നെ
ഉന്നതനാം ഞാൻ സുസ്നേഹം കൊണ്ടു തേച്ചതോൎത്തതില്ലേ.
൪൩. ആടകൾ പലതു നൽകി ഹാരമോതിരാദി ഏകി.
കങ്കണം കുണ്ഡലങ്ങൾ നല്ല ചന്തമോടെ നൽകിയില്ലേ?
൪൪. മാനമാം കിരീടമേകി മാനസേ മറന്നിതോ നീ
മായെരുശലേംമകളേ മായമോ നിൻ പൂൎവ്വവൃത്തം.
ചീയോൻ.
൪൫. അച്ചടക്കമററു ചൊല്ലും വാക്കുകളെ കേൾക്കുമോ ഞാൻ
നെഞ്ചകം കവരുമാറു കന്നമിട്ടു കൊൾകയോ താൻ.
൪൬. കന്നി തവ മാതാ നിന്നെ ഗൎഭമായിരുന്ന കാലേ

മന്നവനഗുസ്തനടെ കല്പനയാൽ ചാൎത്തലിന്നു.
൪൭.നച്ചറത്തൂർ വിട്ടു മാതാ ദീൎഘയാത്രാഭാരമോടെ
ബെത്ലഹേമിലെത്തിയന്നു സത്രമൊഴിവില്ലതാലേ.
൪൮. ഈറ്റുനോവണഞ്ഞുതിനാൽ ഹീനനായ്നീ മൺപിറപ്പാൻ.
വേറിടമില്ലായ്ക കൊണ്ടു പാഴിടത്തിൽ പൂക്കവളും.
൪൯. മാട്ടുകൊട്ടിൽക്കുൾക്കടന്നു മാനവ പെററന്നു നിന്നെ
ജീൎണ്ണവസ്ത്രം ചുറ്റി വെച്ചു തൊട്ടിയിൽ കിടത്തിയില്ലേ?
൫൦. ആലയിൽ പിറന്നവനെ ആന്തരമായി ഞാൻ വരിച്ചാൽ
ആട്ടുമല്ലോ ലോകരാകെ ആകുലം വളൎത്തുമാറു.
൫൧. മിസ്രയിലേക്കോടിയല്ലോ പേടി പൂണ്ടോരോദ തന്നെ
മിശ്രമോ നിൻ പൌരുഷങ്ങൾ വിശ്രമിച്ചു ചൊൽക നാഥ.
൫൨. സമരിയസ്ത്രീയോടു ചെന്നു കെഞ്ചി നീ തണ്ണീർ കുടിപ്പാൻ
ഹീനമുണ്ടാം ആയതിനാൽ മേല്ക്കുലമാമിങ്ങുമുററും.
൫൩. കഴുതമേൽ കരേറി എന്നെ കൈപിടിപ്പാൻ വന്നിതോ നീ
കൊള്ളുമിതു ലോകമെങ്ങും കോലടിച്ചു പാടുവാനായി.
൫൪. അക്കഴുതക്കുട്ടി തന്നെ ആക്കമോടെ കിട്ടിയതാൽ
ഉല്ലസിക്ക നീയെനിക്കോ ലജ്ജയുണ്ടെന്നുള്ളതോൎക്ക.
൫൫. ലഭ്യമോ ഞങ്ങൾക്കിതിനാൽ ലാഭമോ സന്തോഷഭാഗ്യം
ഒററിയായി ചീയോനെ വേൾപ്പാൻ ഓങ്ങിവന്ന മാനവനേ.
൫൬. പോരും പോരും തൎക്ക വാദം പോയ് വിടുക വേലനോക്കി
വാളുകൊണ്ടു മാലകറ്റാൻ വേണ്ട ഭാവം പോക പോക.
ക്രിസ്തു.
൫൭. കല്ലുതാനോ നിന്മനസ്സുരുകയില്ലേ പെണ്ണേരാഹേൽ
പാറയോനിൻ മാനസം ചൊൽ പാരമിളകാത്തതോ ചൊൽ. ൫൮. കാരിരിമ്പുരു
ക്കു ചെമ്പോ കാലമിളകാത്തനെഞ്ചു
കടുക്കരുതെൻ തേനേമാനേ കപടമററു വന്നുകോൾ നീ.
൫൯. കോഴി തൻകുഞ്ഞുങ്ങളെ പോൽ ചേൎത്തു കൊൾവാൻ വാഞ്ഛ പൂണ്ടു
വാനിലേ മഹത്വമിട്ടു വന്നു ഞാൻ നിന്നെ വരിപ്പാൻ.
൬൦. എത്രവട്ടം നിന്നെ ചേൎത്തു പാൎത്തു കൊണ്ടിരിപ്പതിന്നായി
മൽപ്രിയമെല്ലാം നിനക്കു അപ്രിയമായ് വന്നിതോ ചൊൽ.

## GIBRALTAR

### ജിബ്രല്ത്താർ

യൂരോപ ആഫ്രിക്ക എന്നീ ഖണ്ഡങ്ങൾക്കിടയിൽ ഒരു കടൽ ഉണ്ടു. അതു ധരാ (terma) ആകുന്ന ഭൂമിക്കിടയിൽ (മദ്ധ്യ media) കിടക്കയാൽ അതിനു മദ്ധ്യധരാ ന്യാഴി (Mediterranean Sea) എന്ന പേർ നല്ലവണ്ണം പററുന്നു.

കിഴക്കേ ഭാരതഖണ്ഡക്കാക്കു ഇന്ത്യാസമുദ്രത്തിൽനിന്നു അറവിക്കടലും ചെങ്കടലും വഴിയായി സുവെജ്ക്കീറുത്തോട്ടിൽ കൂടി പത്തുവഷത്തിന്റെ ഇങ്ങോട്ടു മാത്രം മദ്ധ്യധരാന്യാഴിയിൽ കടപ്പാൻ കഴിവുവന്നുള്ളു. എന്നാ ൽ ഈ കടലിനു പടിഞ്ഞാറേ വിളുമ്പിൽ ഒരു സ്വാഭാവികവാതിൽ ഉണ്ടു. അതിനു ജിബ്രല്ത്താർകടൽവഴി എന്നു പറയുന്നു. അതിനാൽ മദ്ധ്യധരാ ന്യാഴി അത്ലന്തികസമുദ്രത്തോടു ഇണങ്ങിയിരിക്കുന്നു. ഈ കൈവഴിയു ടെ തെക്കു ആഫ്രിക്കാഖണ്ഡത്തിലേ മരൊക്കോസാമ്രാജ്യത്തിന്റെ മുനമ്പും (സിയുത Ceuta) വടക്കു യുരോപയിലേ സ്പാന്യരാജ്യത്തിന്റെ. മുനമ്പും (ജിബ്രലക്കാർ) അഞ്ചുനാഴികയോളം തമ്മിൽ അടുക്കുന്നു. ഈ വാതിൽ ഉ ള്ളവൻ മദ്ധ്യധരാന്യാഴിയുടെ താക്കോല്ക്കാരനായി മനസ്സുള്ള കപ്പൽ തടു ത്തുവെക്കാം. മുമ്പേ സ്പാന്യർ മലകൂടിയ ഇരുമുനമ്പിനെ കൈവശപ്പെ ടുത്തി ഉറപ്പിച്ചിരുന്നു. 1704ഇലോ സ്പാന്യക്കും ഇംഗ്ലിഷ്ക്കാക്കും ഉണ്ടായ യുദ്ധത്തിൽ ജിബ്രല്ത്താർ ഇംഗ്ലിഷ് സ്വാധീനത്തിൽ വന്നു. സ്പാന്യരും പ രന്ത്രീസ്സ്കാരുമായി ജിബ്രല്ത്താർ കോട്ടയെ 1779 ജൂൺ 21-ാം നു- തൊട്ടു 1788 ഫിബ്രുവരി 6-ാം നു വരേ ഇങ്ങനേ ഏകദേശം മൂന്നര വഷത്തോളം നിരോധിച്ചു എങ്കിലും അതിനെ പിടിക്കാൻ കഴിഞ്ഞില്ല.

എന്നാൽ ചരിത്രത്തെ നോക്കുവിൻ. ആയിരത്തു നാന്നൂറു കാലടി ഉയന്ന പാറ അതാ. വടക്കോട്ടും കിഴക്കോട്ടും കടുന്തുക്കമായും പടിഞ്ഞാറോ ട്ടു പടിപടിയായും തെക്കോട്ടു കോട്ടു തുടങ്ങി ഏകദേശം ആയിരം അടി യോളം ഏറക്കുറയ കുത്തനെയായും പിന്നേ ചാമ്പ്രയായും നില്ക്കുന്നു.പാ റ മുകളിൽ ഗോപുരമതിലുകളും പാറയുടെ ഉള്ളിൽ വമ്പിച്ച അറകളും അവിടവിടേ കടലിലേക്കു നോക്കുന്ന പീരങ്കിത്തോക്കുകളും പടിഞ്ഞാറും വിശേഷിച്ചു തെക്കും ആവശ്യമുള്ളേടത്തെല്ലാം ഗാംഭീയ്യമായ മതിലുകളും ഓരോ തളങ്ങളിൽ കാളന്തോക്കുകളും ഗഭംകലക്കികളും കാണാം. ഈ കോ ട്ട ഭൂലോകത്തിലേ കോട്ടകളിൽ വെച്ചു ബലമേറിയതും കയറിപ്പിടിപ്പാൻ കൂടാത്തതും എന്നു മേൽപ്പറഞ്ഞ മൂന്നര വഷത്തിന്റെ നിരോധത്താൽ തെളിയും. അഞ്ചു നാഴിക ദൂരത്തോളം ഉണ്ട തെറിപ്പിക്കുന്ന കാളന്തോക്കു കൾ ഉണ്ടു എന്നു ഓത്താൽ ഇംഗ്ലിഷ്ക്കാക്കു ആ കടൽവഴിയിൽ കൂടി കട പ്പാൻ ഭാവിക്കുന്ന ചെറു തോണിയെയും കൂടെ നശിപ്പിപ്പാൻ വകയുണ്ടു എന്നു ബോധിക്കും. കോട്ടയെ 3-5,000 പടയാളികളെക്കൊണ്ടു കാക്കുന്നു. പാറയുടെ പടിഞ്ഞാറേ

അടിയിൽ ജിബ്രലത്താർ എന്ന നഗരം നല്ല തുറ മുഖത്തു കിടക്കുന്നു. 1871-ാമതിൽ അവിടേ 18,695 ആൾ പാൎത്തു. ക്രി സ്ത്യാനൎക്ക് ഓരോ പള്ളികൾ ഉണ്ടാകുന്നതു കൂടാതെ യഹൂദൎക്കു മൂന്നു പ ള്ളികളും ആഫ്രിക്കാവിൽനിന്നു വന്ന മുഹമ്മദീയൎക്കു ഒരു പള്ളിയും ഉണ്ടു. അവിടേ 1872-ാമതിൽ നടന്ന കച്ചവടം ആകട്ടേ 10,40,000 രൂ. ഇറക്കുമ തിയും1,11,89,000 കയററുമതിയും കാണിക്കുന്നു. ഇങ്ങനേ പത്തിരട്ടിച്ചക യറ്റുമതി എന്നത്രേ. ആ സ്ഥലം ചെറിയതെങ്കിലും സ്വാന്യരാജ്യത്തിൽ വിശ്വാസം നിമിത്തം ഹിംസ അനുഭവിച്ച തെററുവാൻ കഴിവു വന്ന ഓരോ സുവിശേഷക്രിസ്ത്യാനൎക്കു ഇംഗ്ലിഷ് വാഴ്ചെക്കാധീനമായ ജിബ്രലത്താരിൽ എത്തിയശേഷം സ്വാതന്ത്ര്യപ്രകാരം നടപ്പാൻ സംഗതിവന്നതു വിചാരി ച്ചാൽ ആ കോയ്മയെ അവിടേ ആക്കിയ ദൈവത്തെ സ്തുതിപ്പാനേ പാടുള്ളൂ.

## SUMMARY OF NEWS

### വൎത്തമാനച്ചുരുക്കം

. പ്രിയ വായനക്കാരേ! ഒന്നാമതു പാലക്കാ ട്ടിൽനിന്നു എനിക്കു കിട്ടിയ കത്തി ന്നു ഒരു മ റുപടി വേണം. ആ കത്തിൽ ഒരു സ്നേഹിതൻ ഏപ്രിൽ മാസത്തിന്റെ കേരളോപകാരിയി ൽ ഒരു പശുവിനെ തൊട്ടു വിവരിച്ചതു പര മാൎത്ഥമോ പൊ ളിയോ എന്നു ചോദിക്കുന്നു. അ തു പൊള്ളു എന്നു വരികിൽ ചതിക്കപ്പെട്ടവൻ ഞാൻ തന്നേ. വല്ലതും പൊള്ളു എന്നു ഞാൻ അറിഞ്ഞാൽ കേരളോപകാരിയിൽ പ്രസിദ്ധ മാക്കുന്നില്ലല്ലോ. ഞാൻ ഈ വൃത്താന്തം എടു ത്ത വൎത്തമാനക്കടലാസ്സ ആശ്രയിപ്പാന്തക്കതാ യ ആധാരം തന്നെ. ഇത്ര പണം ആ കൃഷി ക്കാരന്നു കിട്ടിയതെങ്ങിനേയെന്നു ഞാൻ അ റിയാഞ്ഞാലും യുരോപയിൽ കാൎയ്യം ബോധി പ്പാൻ ഇത്ര പ്രയാസം കാണുന്നില്ല. വിലാ ത്തിയിൽ പലപ്പോഴും കൃഷിപ്പണിയിൽ വള രേ സന്തോഷിക്കുന്ന കുലീനരോ പട്ടണക്കാ രോ പണം ശേഖരിച്ചു കൃഷിക്കാരെ ഉത്സാഹി പ്പിക്കേണ്ടതിന്നു ഒരു ഉത്സവം കഴിക്കയും ഉ ത്സവസ്ഥലത്തേക്കു ഏറ്റവും നല്ല കന്നുകാലി കളെ കൊണ്ടുവരുന്ന ആളുകൾക്കു ഒരു വിരു തു കൊടുക്കയും ചെയ്യും. അതുകൂടാതെ വള രേ പറമ്പുകളുടെ ഉടമസ്ഥന്മാർ നല്ല മാതിരി പശുക്കളെ കിട്ടേണ്ടതിന്നു എത്രത്തോളം കൊടു ക്കും ! ഒരൊറ്റ പശുവിന്റെ വില മാത്രമല്ല ഇതിന്റെ സന്തതികളെക്കൊണ്ടു പലവൎഷങ്ങ ൾക്കകം ക്രമേണ ഉളവാകുന്ന ലാഭം അവർ വിചാരിച്ചു വിശേഷമാതിരി ജനിപ്പിക്കുന്ന വയെ പെരുത്തു വിലെക്കു വാങ്ങും.

ബീക്കൻ്സ ഫീല്ദ്എന്ന മഹാരാജ്ഞിയുടെ വിശ്വസ്തനായ മന്ത്രി ആശിച്ച പ്രകാരം ഹ്യ ഗെന്ദൻ എന്ന സ്ഥലത്തിൽ തനിക്കുള്ള പ്രേ തക്കൊമ്മയിൽ അടക്കപ്പെട്ടു. മഹാരാണി ത ന്നേ ശ്മശാനസ്ഥലത്തെ കാണ്മാൻ വന്നു പോ ൽ. രാജസഭക്കാർ കീൎത്തിപ്പെട്ട മന്ത്രിക്കു വെ സ്ത് മിൻസ്തർ എബ്ബ എന്ന പള്ളിയിൽ ഒരു സ്മരണസ്തംഭം നിൎത്തുവാൻ നിശ്ചയിച്ചു താ നം. അദ്ദേഹം വിശിഷ്ടമന്ത്രിയും ഗ്രന്ഥകൎത്താവും ആയതിനാൽ അതിന്നു യോഗ്യൻ എ ന്നു ഏകദേശം എല്ലാവൎക്കും സമ്മതം. ഈ മ ഹാന്റെ ജീവചരിത്രത്തിൽനിന്നു ഓരല്പം അ റിയുന്നെങ്കിൽ വേണ്ടതില്ല. അദ്ദേഹം ഉത്ഭവ പ്രകാരം ഒരു യഹൂദൻ. 1747 ഇൽ മുത്തച്ഛ്ശൻ വേനീസ്സ് പട്ടണത്തിൽനിന്നു ലണ്ടനിലേക്കു വന്നു. അതിന്നു മുമ്പ് കുഡുംബം സ്വാന്യരാജ്യത്തിൽ പാൎത്തിരുന്നു. അവിടേവെച്ചരോമസഭ യഹൂദരെ ഹിംസിപ്പാൻതുടങ്ങിയപ്പോൾ കൎത്താ വിന്റെ പൂൎവ്വന്മാർ ആ രാജ്യത്തെ വിട്ടു (വേ നിസ്സ് ) വെനേത്യ പട്ടണത്തിൽ കുടിയേറിയി രുന്നു. അവർ ഇംഗ്ലന്തിൽ എത്തിയാറെ മന്ത്രി യുടെ അഛ്ശൻ 18 വയസ്സുള്ള ഒരു ബാല്യക്കാര നായിരുന്നു. അഛ്ശൻ കീൎത്തിപ്പെട്ട ഗ്രന്ഥക ൎത്താവായ്തീൎന്നു. പുത്രൻ പറഞ്ഞപ്രകാരം തന്റെ ജീവനാൾ പുസ്തകങ്ങളു

ടെ ഇടയിൽ ഒരു പുസ്ത കശാലയിൽ കഴിച്ചു. ബീക്കൻ്സ് ഫീല്ദ് കർത്താ വു 12 വയസ്സായപ്പോൾ അഛ്ശൻ സഭയുടെ മൂ പ്പരോടു അല്പം കലഹിച്ചു ക്രിസ്തീയസഭ യിൽ ചേൎന്നു (കേ. VII 63-ാം ഭാഗം). ഈ മഹാൻ സാധാരണമായ വഴിയിൽ നടക്കാതെ എത്ര യോ ഉയൎന്നലാക്കിൽ എത്തി. ഒരു വിദ്യാശാ ലയിൽ പഠി ക്കാതെ അവർ വലിയ വിദ്വാൻ ആയ്ത്തീൎന്നു. യൌവനകാലത്തിൽ തന്നേ പ ല പുതു കഥകളെ സങ്കല്പിച്ചു എഴുതിയ ശേഷം, 33 വയസ്സുള്ളവനായി രാജ്യസഭ യിൽ പ്രതിനി ധിയായി പ്രവേശിച്ചു. ഒന്നാം പ്രാവശ്യം ഒ രു പ്രസംഗം കഴിച്ച പ്പോൾ അനേകരുടെ പ രിഹാസത്താൽ ഇളകിപ്പോകാതെ “ഞാൻ ഇ പ്പോൾ തീക്കുന്നെങ്കിലും നിങ്ങൾ എന്നെ കേ ൾക്കുന്ന ദിവസം വരും നിശ്ചയം” എന്നു ഒരു പ്രവാചകനെ പോലെ മുൻ അറിയിച്ചു. രാ ജ്യസഭയിൽ എപ്പോഴും സക്കാരു ടെ പക്ഷ ത്തിൽനിന്നു കോയ്മയുടെ ഞായങ്ങൾക്കായി ത ക്കിക്കുമളവിൽ അവർ പല വിശിഷ്ട പുസ്ത കങ്ങളെ എഴുതി പ്രസിദ്ധമാക്കി. 1868 ഇൽ ഒന്നാം വട്ടം രാ ജ്യത്തിന്റെ പ്രധാനമന്ത്രിയാ യി ചമഞ്ഞശേഷം ഗ്ലേദ് സ്തൻസായ്പ് അവർ കൾ ജയിച്ചു മേൽപ്പറഞ്ഞ സ്ഥാനത്തിൽ പ്ര വേശിച്ചു. ബീക്കൻ്സ ഫീല്ദ 1874 ഇൽ രണ്ടാം പ്രാവശ്യം രാജ്യത്തിന്റെ വ്യവസ്ഥകളെ നട ത്തുവാൻ തുടങ്ങീട്ടും ആറു വ ഷം കഴിഞ്ഞ ശേഷം, ഗ്ലെദ്സ്തൻ സായ്പ് അവർകളുടെ പ്ര യത്നം വീണ്ടും സാ ധിച്ചു. ബീക്കൻ്സ് ഫീല്ദ പ തിതൻ ആയാലും സൎവ്വശ്ലാഘിതനായി അന്ത രി ക്കയും ചെയ്തു.

അതാതു രാജ്യങ്ങളിൽനിന്നു അതൃപ്തരും മ ത്സരക്കാരും ആയവർ ലൊണ്ടൻ പട്ട ണത്തിൽ കൂടി തങ്ങളുടെ ദുരാലോചനകളെ നടത്തി ക്കൊണ്ടിരിക്കുന്നതു പതിവാ ണല്ലോ. ഇവരിൽ ഒരു ശ്രേഷ്ഠൻ മൊസ്ത് എന്ന ഗൎമ്മാനൻ. ഈ മഹാദുഷ്ടൻ രു സ്സ്യരുടെ ചക്രവൎത്തിയെ കൊല്ലു ന്നതിൽ ഉല്ലസിച്ചതല്ലാതെ ശേഷിക്കുന്ന എല്ലാ രാജാക്കന്മാരെ അങ്ങിനേ തന്നേ വധിക്കേ ണം എന്നു നിത്യം ഉത്സാഹിപ്പിക്ക യും ഇംഗ്ല ന്തിൽ പാൎത്തുവരുന്ന രുസ്സ്യ ചക്രവൎത്തിയുടെ കുമാരിയാകുന്ന ഒരു പ്രഭുവിനിയെ അപമാ നിച്ചു താഴ്ത്തിപ്പറകയും ചെയ്തതുകൊണ്ടു സ ക്കാർ ഈ വാൎത്താ ളക്കാരനെ പിടിച്ചു അവനെ ദീൎഘസമയത്തേക്കു സൂക്ഷിച്ചു വെക്കും എന്നു ചിലർ ആശിക്കുന്നു.

ഇംഗ്ലിഷ്കാരും പ്രാഞ്ച്കാരും അത്യത്ഭുത മായ ഒരു പ്രവൃത്തി തുടങ്ങിയിരിക്കുന്നു. പ്രാ ഞ്ച് രാജ്യത്തിൽ കിടക്കുന്ന കലേ (Calais) എ ന്ന പട്ടണം തൊട്ടു ഇംഗ്ലിഷ്കാ രുടെ പട്ടണമാ യ ദോവർവരേ അവർ കടലിൻ നിലയിൽ കീഴിൽ തീവണ്ടി ഓട്ടു വാൻ തക്കതായ ഒരു വഴി തുരന്നു പണിയിപ്പാൻ ഭാവിക്കുന്നു. അ വർ തുളെക്കുന്ന ദ്വാരത്തിന്റെ വിട്ടം ഏഴു അ ടി തന്നേ. ഇതുവരേ പ്രത്യേകമായി വഴി യിൽ ഒഴു കുന്ന വെള്ളം തടുക്കുവാൻ ഒരു പ്ര യാസം ഉണ്ടായി എങ്കിലും, ഒരു വലിയ യന്ത്ര

ത്തെക്കൊണ്ടു വെള്ളം തേവി പുറത്താക്കുവാൻ കഴിയും.

രുസ്സ്യരുടെ ഇടയിൽ ഇനിയും വളരേ തര ക്കേടും അക്രമവും ഉണ്ടു. ചക്രവൎത്തിയുടെ ശ വസംസ്കാരം കഴിഞ്ഞു. ഇതിന്നായി വന്ന പ്ര ഭുക്കന്മാരെയും രാജകുമാരന്മാരെയും കാത്തു രക്ഷിപ്പാൻ പുതിയ ചക്രവൎത്തി നന്നേ സൂക്ഷി ച്ചതു കൊണ്ടു ആൎക്കും ഹാനി വന്നില്ല. പുതിയ ചക്രവൎത്തിക്കു യാതൊരു സുഖമില്ല; ആരിൽ ആശ്രയിക്കാമെന്നറിയുന്നില്ലല്ലോ. ദിവസേന അദ്ദേഹത്തിന്റെ കുപ്പായസഞ്ചിയിൽ ഭീഷ ണിക്കത്തുകൾ ഉണ്ടു എന്നും, ചക്രവൎത്തി പ്ര യോഗിക്കുന്ന വിളക്കുകളിൽ ചില ദുഷ്ടർ ഒരു വല്ലാത്ത തരം വെടിമരുന്നു വെച്ചു എന്നും കേ ൾക്കുന്നെങ്കിൽ സ്വന്ത കോവിലകത്തിൽ പോ ലും മത്സരക്കാരും വൈരികളും നുഴഞ്ഞു വന്നു എന്നു കാണാം. എന്നിട്ടും ചക്രവൎത്തി ഭയപ്പെ ടാതെ പിതാവിനെ കൊന്നതിൽ കൈയിട്ട 5 ദുഷ്ടരെ തൂക്കിക്കളവാൻ കല്പിച്ചതു ശരി ത ന്നേ. ഈ നീചക്കു പേടി കാണിക്കുന്നതു തോ ല്മയുടെ ആരംഭമത്രേ. കയറു പൊട്ടിപ്പോയ തുകൊണ്ടു അവരിൽ ഒരുത്തനെ മൂന്നു പ്രാവ ശ്യം തൂക്കേണ്ടിവന്നു. എന്നാൽ ഈ 5 കുറ്റ ക്കാരിൽ ഒന്നു ഒരു കുലീനന്റെ മകളായിരു ന്നു. പുരുഷന്മാരായ കുലപാതകർ തൂക്കുമ രത്തെ കണ്ടു ഒരല്പം ഭയം കാട്ടീട്ടും ആ സ്ത്രീ ഒട്ടും പേടിയും ദുഃഖവും കാണിക്കാതെ മന്ദഹാ സം പൂണ്ടു പരലോകത്തേക്കു യാത്രയായി. പി ശാചിനു തന്നെ സേവിക്കുന്നവരെ ജീപൎയ്യ ന്തം വഞ്ചനയിൽ ഉറപ്പിക്കാം. മരണ ശേഷം അവർ കണ്ണു തുറന്നു തങ്ങൾ ആരുടെ കയ്യിൽ വീണു എന്നു കാണുകയും ചെയ്യും. ഞാൻ പുതി യ ചക്രവൎത്തിയെ കുറിച്ചു ഒന്നും അറിയിക്കട്ടേ. ഒരു നായകൻ മുമ്പേത്ത ചക്രവൎത്തിയെ ത ന്റെ രക്തത്തിൽ കിടക്കുന്നതു കണ്ട ഉടനേ അങ്കിയെ കഴിച്ചു ചക്രവൎത്തിയെ മൂടി ആ രാ ജ്യത്തിന്റെ കൈപ്പുള്ള ശീതത്തെ വിചാരി ക്കാതെ അങ്കിഹീനനായി സ്വന്തവീട്ടിൽ പോയി. പുതിയ ചക്രവൎത്തി ഇതു കേട്ടപ്പോ ൾ ആ നായകനെ ഉയൎന്നസ്ഥാനത്തിൽ ആ ക്കി, പുതിയ അങ്കിയെ വാങ്ങേണ്ടതിന്നു 1200 ഉറുപ്പിക സമ്മതിച്ചു കൊടുത്താറെ വിശ്വസ്ത നായ എന്റെ അഛ്ശന്റെ രക്തത്തെക്കൊണ്ടു കറപ്പെട്ട ആ പഴയ അങ്കി എനിക്കു വേണം എന്നു പറഞ്ഞു പോൽ.

പ്രാഞ്ച്കാരും തങ്ങളുടെ രാജ്യത്തെ വലുതാക്കുവാൻ നോക്കുന്നു. തുനിസ്സ് രാജ്യത്തിലുള്ള ഒരു ഗോത്രം (ക്രുമീർ) പ്രാഞ്ച്കാരുടെ അതി രുകളെ അതിക്രമിച്ചു അല്ജേരിയ എന്ന ദേശ ത്തിൽ പ്രവേശിച്ചു കവൎച്ച ചെയ്തു. പ്രാഞ്ച് കാർ ഈ ഗോത്രത്തെ ശിക്ഷിപ്പാനായി പുറ പ്പെട്ടതല്ലാതെ തുനിസ്സ് രാജ്യത്തിന്റെ സുല്ത്താനെ പ്രാഞ്ച്കാരോടു ചേൎന്നു ആ ജാതിയെ ബുദ്ധി ഉപദേശിപ്പാൻ അപേക്ഷിച്ചപ്പോൾ ആ സുല്ത്താൻ ഇതിൽ സമ്മതിക്കാതെ പ്രാഞ്ച് കാരുടെ നേരേ വട്ടം കൂട്ടി. ഈ ചെറിയ സു ല്ത്താൻ ഇതിനാൽ രാജ്യാധിപത്യത്തെയും ഒരു വലിയ ഗൎവ്വത്തെ

യും കാണിക്കുന്നെങ്കിലും ഇ സ്ഥംമ്പൂലിലുള്ള മേൽവിചാരിയുടെ കല്പന കേ ൾക്കാതെയും ഇതാല്യരുടെ സഹായത്തിൽ ആ ശ്രയിക്കാതെയും കാൎയ്യത്തിൽ അധികം ആ ലോചിച്ചു എങ്കിൽ നന്നായിരുന്നു. പ്രാഞ്ച്കാർ ഖേപ്പ് എന്ന വിശിഷ്ട പട്ടണത്തെ പിടിച്ചു ളുനിസ്സ് എന്ന മുഖ്യ പട്ടണത്തിന്റെ സമീപ ത്തിൽ എത്തിയിരിക്കുന്നു എന്നു കേൾക്കുന്നെ ങ്കിൽ യുദ്ധം വേഗം തീൎന്നു പോകും എന്നു തോന്നുന്നു. എന്നാൽ പ്രാഞ്ച്കാരോടു മൎയ്യാദപ്രകാ രം ഓരല്പം സഹായിക്കുന്നതിന്നു പകരമായി അവരുടെ മേൽവിചാരം സഹിക്കേണ്ടിവരും താനും.

നിത്സ (നൈസ് ) എന്ന പട്ടണത്തിലുള്ള നാടകശാല വെന്തുപോയി. അതു കളിതുടങ്ങു ന്നതിന്നു അല്പം മുമ്പെ സംഭവിച്ചതുകൊണ്ടു 100ഇൽ ചില്വാനം ആളുകൾ നശിച്ചു പോയ തേയുള്ളൂ.

ഗൎമ്മാനരാജ്യത്തിൽ യഹൂദരുടെ നേരെയു ള്ള തൎക്കം തീൎന്നിട്ടില്ല. യഹൂദരെക്കൊണ്ടു രാ ജ്യത്തിൽ വരുന്ന ഭാരത്തെയും നഷ്ടത്തെയും നീക്കുവാൻ തക്കതായ സഹായം ചെയ്‌വാനായി ട്ടു 255,000 പ്രജകൾ ബിസ്മൎക്ക് പ്രഭുവിന്റെ മുമ്പാകെ ഒരു അപേക്ഷ വെച്ചു. ഇവർ തൃ പ്തിയില്ലാത്തവരിൽ ഒരു ചെറിയ അംശമത്രേ. എങ്കിലും താൻ വിളിച്ചും ലാളിച്ചും കൊണ്ടു വ ളൎത്തിയ ദുരാത്മാക്കളെ പിന്നെയും ആട്ടി ക്കളവാൻ ബഹുപ്രയാസം. രുമേന്യർ തങ്ങളുടെ പ്രഭുവിനെ മഹാസന്തോഷത്തോടും ഘോഷത്തോടും രാജാവാക്കി; പുതിയ രാജാവു ഇതിൽ സമ്മതിക്കയും ചെയ്തു.

ഘിയൊസ്സ് എന്ന ദ്വീപിൽ ഭയങ്കരമായ ഒരു ഭൂകമ്പം ഉ ണ്ടായി; 30 ഗ്രാമങ്ങൾ പാഴായി ഏകദേശം 4000 ആളുകൾ നശിച്ചുപോയി. ശേ ഷിക്കുന്നവൎക്കു ശവങ്ങളെ കുഴിച്ചിടുവാൻ പോ ലും ധൈൎയ്യം ഇല്ല. അവർ വൈകാതെ പോ യിക്കളവാൻ നോക്കുന്നു. 40,000 പേർ വീടും ഭക്ഷണവും കൂടാതെ അങ്ങിടിങ്ങിട് സഞ്ചരി ക്കുന്നു. ആ ദ്വീപു മുമ്പേ എത്രയും ഭംഗിയുള്ള തുരുത്തായിരുന്നു. അവിടേനിന്നു വരുന്ന വീഞ്ഞു വിശിഷ്ടമുള്ളതു. മുഖ്യപട്ടണം കസ്ത്രോ. ഇതിൽ യവനരുടെ ഏറ്റവും കീൎത്തിപ്പെട്ട ക വിതക്കാരനായ ഹൊമേർ ജനിച്ചിരിക്കുന്നു എന്നു ചിലർ പറയുന്നു എങ്കിലും ഏഴുപട്ടണ ങ്ങൾ ഈ മാനത്തിന്നായി ആഗ്രഹിക്കുന്നു. 1822ഇൽ ഈ ദ്വീപിൽ പാൎത്ത യവനർ തുൎക്ക രുടെ നേരേ മത്സരിച്ചപ്പോൾ യദൃച്ഛയാ തുൎക്ക രുടെ സേനാപതി എത്തി എല്ലാ പുരുഷന്മാരെ കൊന്നു 41,000 സ്ത്രീകളെയും കുട്ടികളെയും അ ടിമയാക്കി കൊണ്ടുപോകയും ചെയ്തു. ഈ ഭൂകമ്പത്തിന്നു മുമ്പെ വീണ്ടും 60,000 നിവാസി കൾ അവിടേ ഉണ്ടായിരുന്നു. ഒരുത്തന്നു ഈ സങ്കടമുള്ള സംഭവംകൊണ്ടു സ്വാതന്ത്ര്യം വ ന്നു. അതോ യേശുവിൽ വിശ്വസിക്കുന്ന ഒരു മുനഷി അത്രേ ആയവൻ വേദപുസ്തകത്തെ ഭാഷാന്തരമാക്കേണ്ടതിന്നു ഒരു പാതിരിസാ യ്പിന്നു സഹായിച്ചതുകൊണ്ടു തുൎക്കർ അവന്നു മരണശിക്ഷ വിധിച്ചാറെ

അന്യക്കോയ്മകൾ ഇതിൽ സമ്മതിക്കായ്ക്ക കൊണ്ടു അവർ അവ നെ ഘിയോസ് എന്ന ദ്വീപിലേക്കു നാടുകട ത്തുകയും ചെയ്തു എന്നു മുമ്പേ ഈ പത്രത്തിൽ അറിയിച്ചുവല്ലോ. ഈ ഭൂകമ്പം വന്നപ്പോൾ വളരെ ക്രമക്കേടുണ്ടായതുകൊണ്ടു ആ മുനിഷി ഓടിപ്പോയി, ഒരു ഇംഗ്ലിഷ് കപ്പലിൽ ശരണം പ്രാപിച്ചു. അങ്ങിനേ പെരുത്തു കാവൽക്കാ രുടെ കൈകളിൽനിന്നു തനിക്കുള്ളവരെ ഉ ദ്ധരിപ്പാൻ കൎത്താവിന്നു കഴിയും.

ഹിന്തുരാജ്യത്തെക്കുറിച്ചു ഒടുക്കം വല്ലതും അ റിയിക്കേണം. കന്തഹാരിൽ ഉണ്ടായിരുന്ന സൈന്യങ്ങൾ ആ സ്ഥലത്തെ വിട്ടു. യുദ്ധം തീൎന്നു. മൂലാഠാന (മുല്ത്താൻ) എന്ന സ്ഥലത്ത് ഹിന്തുക്കളും മുസ്സൽമാനരും തമ്മിൽ തമ്മിൽ എ പ്പോഴും കലഹിച്ചശേഷം, ഈ തകരാർ ഇപ്പോ ൾ കഠിനമായി തീൎന്നു എന്നു കേൾക്കുന്നു. ഹിന്തു ക്കൾ മുസ്സൽമാനരുടെ പറമ്പുകളിൽ പന്നിയി റച്ചിയും ഇവർ ഹിന്തുക്കളുടെ പറമ്പുകളിൽ പശുവിറച്ചിയും ചാടിക്കളയുന്നതിനാൽ അ ന്യോന്യം കോപിപ്പിക്കാൻ നോക്കുന്നു. അങ്ങി നേ തന്നേ ബൊംബായിൽവെച്ചു അവിടേയു ള്ള നാട്ടുപടയാളികൾ (Sepoys) പൊലീസ്കാ രോടു കലശൽ കൂടി. ഇവർ വെള്ളക്കാരാകുന്ന പൊലീസ്കാരെ സഹായത്തിനായി വിളി ച്ചപ്പോൾ ആ പടയാളികൾ തങ്ങളുടെ പാള യത്തിൽ ഓടി തോക്കു വാൾ തുടങ്ങിയുള്ളതു വാങ്ങി എല്ലാ പൊലീസ്കാരെ വളഞ്ഞു അവർ പോകുവാൻ സമ്മതിച്ചില്ല. ഒടുക്കം സൈന്യ ങ്ങൾ വന്നു അവരെ കീഴടക്കി. അങ്ങിനെ ക്രമം പകെച്ചു എപ്പോഴും മത്സരിപ്പാൻ ശ്രമി ക്കുന്ന ആളുകൾ ഇംഗ്ലിഷ്ക്കോയ്മയെക്കൊണ്ടു തങ്ങൾക്കു വന്ന എത്രയോ ഉപകാരങ്ങളെയും നല്ല സുഖത്തെയും ഒരിക്കലും ഓൎക്കുന്നില്ല എന്നു തോന്നുന്നു. ഞാൻ ചില കാൎയ്യങ്ങളെ മാത്രം സൂ ചിപ്പിക്കട്ടേ! ഇംഗ്ലിഷ്കാർ വരുംമുമ്പേ വയസ്സ ള്ള അമ്മയഛ്ശന്മാരെ പുറത്താക്കി കൊല്ലുക, ഉടന്തടിയായ്യരിപ്പിക്ക, കുട്ടികളെ മുതലയുടെ വായിൽ ചാടിക്കൊടുക്ക, മനുഷ്യരെ ബലിക ഴിക്ക, ബിംബങ്ങളുടെ രഥങ്ങൾ ഓടുമ്പോൾ ചക്രങ്ങളുടെ ചുവട്ടിൽ കിടന്നു മരിക്ക, പുണ്യ നദികളിൽ തുള്ളിമരിക്ക, സ്വന്ത നാവു അരി യുക, കത്തിമേൽ വീഴുക, ന്യായാധിപതിമാർ കുറ്റക്കാർ കുറ്റം സ്വീകരിക്കേണ്ടതിന്നു ക്രൂര മായി ദണ്ഡിപ്പിക്ക, കുറ്റക്കാരെ ഭയങ്കരഭേദ്യ ത്താൽ പീഡിപ്പിച്ചു കൊല്ലുക, മനുഷ്യരെ അ ടിമകളാക്കി ഉപദ്രവിക്ക, താണ ജാതിക്കാ ൎക്കു ഒരു ഉദ്യോഗം കൊടുക്കാതെയും, അവരുടെ സാക്ഷ്യംപോലും കൂട്ടാക്കാതെയും ഇരിക്ക എ ന്നിവയും മറ്റും നടപ്പായിരുന്നുവല്ലോ. അതൊ ക്കെയും നീങ്ങിപ്പോയതു ഇംഗ്ലിഷ് വാഴ്ച കൊ ണ്ടത്രേ. ഇംഗ്ലിഷ്കാരുടെ ചരിത്രത്തെ നോക്കു ന്നെങ്കിൽ ആ വല്ലാത്ത ആചാരങ്ങളിൽ പലതും പണ്ടുപണ്ടേ തങ്ങളുടെ ഇടയിലും നടപ്പായി രുന്നു. ക്രിസ്തുമാൎഗ്ഗം മാത്രം മനുഷ്യരുടെ ഏകോ ത്ഭവത്തെയും, ദൈവമുമ്പാകെ മനുഷ്യൎക്കു ജാ ത്യാ യാതൊരു ഭേദമില്ലെന്നും, നീ നിന്റെ കൂട്ടു കാരനെ നി

ന്നെപ്പോലെ സ്നേഹിച്ചു വിലമതി ക്കേണമെന്നും ഉപദേശിക്കുന്നു. ഇംഗ്ലിഷ്കാർക്രിസ്ത്യാനികളായിട്ടു മാത്രം ഈ പലവിധമായ ഉ പകാരങ്ങളെ കൊണ്ടുവന്നു എന്നറിക. അതു പലപ്പോഴും താണ സ്ഥിതിയിലും ഉയൎന്ന സ്ഥാ നങ്ങളിലും ക്രിസ്തുമാൎഗ്ഗത്തിന്റെ അനുഗ്രഹങ്ങ ളെയും ഉപകാരങ്ങളെയും അനുഭവിച്ചിട്ടും, യേശുവിന്റെ നാമത്തെ ഉപേക്ഷിക്കുന്ന കൃത ഘ്നർ ഓക്കുന്നില്ലല്ലോ. ഈ യേശുവിനാൽ മാത്രം സുഖത്തോടെ ജീവനാൾ കഴിക്കുന്നതല്ലാ തെ ഭയം കൂടാതെ ഓരോ അവസ്ഥയിൽ മരി പ്പാൻ പാടുള്ളതാണ്. അതു നമ്മുടെ പത്രത്തി ന്നു ഒരു സ്നേഹിതനാകുന്ന മംഗലപുരത്തിൽ പാൎത്തുവന്നിരുന്ന ബുക്ക്ഹാത്ത് സായ്വും അനുഭവിച്ചു എന്നു ഞാൻ ആശിക്കുന്നു. ആ സായ്പ് സൌഖ്യക്കേട് നിമിത്തം മംഗലപുരത്തിൽനി ന്നു തീക്കപ്പൽ കയറി ബെങ്കളൂരിലേക്കു യാത്ര ചെയ്വാൻ ഭാവിച്ചിരുന്നു എങ്കിലും ഈ ലാക്കിൽ എത്തുന്നതിന്നു മുമ്പേ ഏറ്റവും നല്ല വൈദ്യനാകുന്ന നമ്മുടെ കൎത്താവു പ്രിയ സായ്വിനെ യാതൊരു സുഖക്കേടും വേദനയും ഇല്ലാത്ത സ്ഥലത്തേക്കു കൊണ്ടുപോകുന്നതിനാൽ മഹാ വിശ്രാമത്തിലെത്തിക്കയും ചെയ്തു. മേയി 11-ാം തിയ്യതിയിൽചോലാപ്പേട്ട എന്ന സ്ഥേഷനിൽ തീവണ്ടിയിൽവെച്ചു പ്രിയ സായ്പു കഴിഞ്ഞു, അവിടേ തന്നേ ശവസംസ്കാരം കഴിഞ്ഞു. ഒരു പ്രിയ പാതിരിസായ്പു മാത്രമല്ല തീവ ണ്ടിയുടെ ഉദ്യോഗസ്ഥരും വണ്ടി എപ്പോ ൾ എങ്കിലും നിന്നാൽ മരിക്കുമാറാകുന്ന ഈ സായ്വിന്നു ഓരോ സഹായവും ഉപായവും ചെയ്വാൻ ബദ്ധപ്പെട്ടു എന്നു നാം സന്തോഷ ത്തോടും നന്ദിഭാവത്തോടും കൂടെ വായിച്ചു. ഏതുസ്ഥലത്തിൽനിന്നു കൎത്താവു നമ്മെ ഒരു നാൾ വിളിക്കുമെന്നറിയുന്നില്ല. അതു എവി ടേ ആയാലും അവന്റെ വിളി കേട്ടിട്ടു "അ തേ പ്രിയ കൎത്താവേ ഞാൻ സന്തോഷത്തോ ടെ വരും" എന്നു ഉത്തരം പറയേണ്ടതിന്നു ദൈവം തന്നെ നമ്മെ ഒരുക്കുമാറാകട്ടേ.

എന്നു നിങ്ങളുടെ L. J. Fr.

പ്രസാധകർ

താളിളക്കം